# കണ്ണൂർ സർവകലാശാല

---

**പ്രസിദ്ധീകരണത്തിന്** 28-02-2022

## നിയമ സഹായ ക്യാമ്പ് ധേലംപാടിയിൽ

കണ്ണൂർ സർവകലാശാല സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് മഞ്ചേശ്വരം ക്യാമ്പസ്, കാസർഗോഡ് ജില്ല ലീഗൽ സർവീസ് അതോറിറ്റിയുമായി സഹകരിച്ച് ത്രിദിന നിയമ സഹായ ക്യാമ്പ് മാർച്ച് 2 മുതൽ മാർച്ച് 4 വരെ ധേലംപാടിയിൽൽ നടത്തുന്നു. നിയമ വിദ്യാഭ്യാസ രംഗത്ത് ധേലംപാടി ഗ്രാമത്തിലെ പട്ടിക വർഗ വിദ്യാർഥികളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്. കാറഡുക്ക വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഹാളിൽ നടക്കുന്ന ചടങ്ങ് കാസർഗോഡ് ജില്ല ജഡ്ജ് ശ്രീ.സി.കൃഷ്ണ കുമാർ ഉദ്ഘാടനം ചെയ്യും. നിയമവിഭാഗം മേധാവി ഡോ.ഷീന ഷുക്കൂർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കാസർഗോഡ് ജില്ല ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ശ്രീ.ശുഹൈബ് എം., കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. എ. അശോകൻ എന്നിവർ പ്രഭാഷണം നടത്തും .അഡ്വക്കേറ്റ് ഉഷ, (ധേലംപാടി പഞ്ചായത്ത് പ്രസിഡന്റ് ), ജനനി(വൈസ് പ്രസിഡന്റ് കാറഡുക്ക ഗ്രാമപഞ്ചായത്), ജോയിന വി ജോർജ്,ശ്രീ.ദിനേശാ എന്നിവർ ക്യാമ്പിൽ പങ്കെടുക്കും .ക്യാമ്പിനോടനുബന്ധിച്ച് കാസർഗോഡ് ധേലംപാടി പട്ടിക വർഗ കോളനികളിൽ നിയമ വിദ്യാർഥികൾ നിയമ ബോധവത്ക്കരണ പരിപാടികൾ നടത്തും .

**പബ്ലിക് റിലേഷൻസ് ഓഫീസർ**